# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **2840.**

12..10..2011-ൽ മറുപടിക്ക്

## ഗുണനിലവാരമില്ലാത്ത പാൽ വിൽക്കുന്ന കമ്പനികൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. ചന്ദ്രൻ** | **ശ്രീ. കെ.സി. ജോസഫ്,**<br>**(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) ഓണക്കാലത്ത് ക്ഷീരവികസന വകുപ്പ് നടത്തിയ പാൽ പരിശോധനയിൽ ഏതെല്ലാം കമ്പനികളുടെ പാൽ ആണ് ഗുണനിലവാരമില്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്; | (എ) ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയിട്ടില്ല. എന്നാൽ, എ-വൺ മിൽക്ക് പ്രോഡക്ട്സ് (പ്രൈവറ്റ്) ലിമിറ്റഡ്, രഞ്ചുസ് മിൽക്ക് പ്രൊഡക്ട്സ് (ഹരിത), കെ.സി.എ. മിൽക്ക് പ്രൊഡക്ട്സ്, ഹെറിറ്റേജ് ഫുഡ്സ് (ഇന്ത്യാ) ലിമിറ്റഡ് (ഹെറിറ്റേജ്), അമിർതം ഡയറി (അമിർതം ഗോൾഡ്), കൗമാ മിൽക്ക് (കൗമാ), ഹഡ്സൺ അഗ്രോപ്രോഡക്ട് (കോമാതാ, ആരോക്യ) കെ.കെ.വലസൈ (സുപ്രഭാതം), സോഫിയ രാജാ മിൽക്ക് ഫാം (ജേഷ്മ), മിൽമ തുടങ്ങിയ കമ്പനികളുടെ ചില ബ്രാൻഡുകൾ നിശ്ചിത ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) പാലക്കാട് ജില്ലയിൽ നിന്നും ഇത്തരം സ്ഥാപനങ്ങൾക്കെതിരായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ബി) പാലക്കാട് ജില്ലയിൽ ഓംഗോ ഡയറി പ്രോഡക്ട് (ഓംഗോ)-ന്റെ പാൽ നിശ്ചിത ഗുണനിലവാരം കുറഞ്ഞതാണെന്ന് കണ്ടെത്തി. |
| (സി) ഇത്തരം സ്ഥാപനങ്ങൾക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (സി) ഇല്ല, നടപടികൾ സ്വീകരിക്കുന്നതിന് ഫുഡ് സേഫ്റ്റി കമ്മിഷണറുടെ അനുവാദം ആവശ്യമാണ്. |
| (ഡി) പരിശോധനയെത്തുടർന്ന് ഏതെങ്കിലും കമ്പനിയുടെ പാൽ സംസ്ഥാനത്ത് നിരോധിക്കുകയുണ്ടായോ? | (ഡി) ഇല്ല. |

**സെക്ഷൻ ഓഫീസർ.**